**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 161** **20-01-2021 - ല്‍ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യസുരക്ഷ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോഷി അഗസ്റ്റിന്‍ ,<br>ഡോ. എന്‍. ജയരാജ്** | | **Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആര്‍.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ് എന്നീ പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ടുള്ള കാരുണ്യ ആരോഗ്യസുരക്ഷ പദ്ധതി എന്നുമുതലാണ് നിലവില്‍ വന്നത്; പ്രസ്തുത പദ്ധതിയില്‍ അംഗത്വം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങള്‍ എന്തെല്ലാമാണ്; | (എ) | ഏപ്രില്‍ 1, 2019. ആദ്യവര്‍ഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയത് ഇന്‍ഷ്വറന്‍സ് മാതൃകയിലാണ്. ഈ കാലയളവില്‍ റിലയന്‍സ് ജനറല്‍ ഇന്‍ഷ്വറന്‍സ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് ന്റ ആയിരുന്നു നടത്തിപ്പ് ചുമതല. 2020 ജൂലൈ 1 മുതല്‍ പദ്ധതി അഷ്വറന്‍സ് മാതൃകയിലേക്ക് മാറുകയും സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴില്‍ പദ്ധതി നടത്തിപ്പിനായി സ്റ്റേറ്റ് ഹെല്‍ത്ത് ഏജന്‍സിക്ക് രൂപം നല്‍കുകയും ചെയ്തു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കള്‍ താഴെ പറയുന്നവരാണ്. 2018 - 2019 വര്‍ഷത്തില്‍ രാഷ്ട്രീയ സ്വാസ്ത്യ ബീമാ യോജന (ആര്‍ എസ് ബി വൈ) ചിസ്, ചിസ് പ്ലസ് എന്നീ ആരോഗ്യ ഇന്‍ഷ്വറന്‍സ് കാര്‍ഡ് പുതുക്കി യവര്‍ . 2011 ലെ കാസ്റ്റ് സെന്‍സസ് ഡാറ്റാ പ്രകാരം അര്‍ഹരാ യിട്ടുള്ളവര്‍ |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏത് ഏജന്‍സിക്കാണ്; ഏജന്‍സിയുടെ ഘടന എപ്രകാരമാണ്; വ്യക്തമാക്കുമോ; | (ബി) | പദ്ധതിയുടെ നടത്തിപ്പ് ചുമതല സ്റ്റേറ്റ് ഹെല്‍ത്ത് ഏജന്‍സിക്ക് ആണ്. സ്റ്റേറ്റ് ഹെല്‍ത്ത് ഏജന്‍സിയുടെ പ്രവര്‍ത്തന ഘടന എക്സിക്യൂട്ടീവ് ഡയറക്ടര്‍, ജോയിന്റ് ഡയറക്ടര്‍ (മെഡിക്കല്‍), ജോയിന്റ് ഡയറക്ടര്‍ (ഓപ്പറേഷന്‍സ്), ജോയിന്റ് ഡയറക്ടര്‍ (ഫിനാന്‍സ് & അഡ്മിനിസ്ട്രേഷന്‍സ്), വിവിധ മേഖലകളിലെ പ്രവര്‍ത്തനങ്ങള്‍ ഏകോപിപ്പിക്കുന്നതിനായി മാനേജര്‍മാര്‍, ജില്ലയിലെ പ്രവര്‍ത്തനങ്ങള്‍ ഏകോപിപ്പി ക്കുന്നതിനായി ജില്ലാ പ്രോഗ്രാം കോര്‍ഡിനേറ്റര്‍മാര്‍ എന്നീ രീതിയില്‍ ആണ്. |
| (സി) | കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതിയോടൊപ്പം കാരുണ്യ പദ്ധതിയും നിലവിലുണ്ടോ; കാരുണ്യ പദ്ധതിയിലൂടെ ചികിത്സ ലഭിക്കുന്നതിന് നിലവിലുള്ള | (സി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയോടൊപ്പം കാരുണ്യ ബെനവ ലന്റ് പദ്ധതിയും നിലവിലുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയില്‍ എംപാനല്‍ ചെയ്തിട്ടുള്ള എല്ലാ ആശുപത്രികളിലും |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ എപ്രകാരമാണ് ക്രമീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ? | | കാരുണ്യ പദ്ധതിയുടെ ചികിത്സ ലഭ്യമാണ്. കാരുണ്യ ബെനവലന്റ് പദ്ധതിയുടെ ചികിത്സ ലഭിക്കുന്നതിനായി കാസ്പ് എംപാനൽഡ് ആശുപത്രികളിൽ കെ ബി എഫ് ഗുണഭോക്താക്കൾക്ക് സമീപിക്കാവുന്നതാണ്. നേരത്തേ കെ ബി എഫ് പദ്ധതിയിൽ 100 ൽ താഴെ ആശുപത്രികളാണ് എംപാനൽ ചെയ്തിരു ന്നത്. എന്നാൽ ഇപ്പോൾ 186 സർക്കാർ ആശുപത്രികളിൽ നിന്നും ,369 സ്വകാര്യ ആശുപത്രികളിൽ നിന്നും, 5 കേന്ദ്ര സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യ ചികിത്സ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ